B2 - 2655/19



# പരിശോധനാ റിപ്പോർട്ട്

## പട്ടികജാതി വികസന ആഫീസ്, സുൽത്താൻബത്തേരി ബ്ലോക്ക്, വയനാട് ജില്ല

പരിശോധനാ കാലയളവ് : 01.04.2015 മുതൽ 31.03.2016 വരെ

പരിശോധനാ തീയതി : 14.01.2019 മുതൽ 19.01.2019 വരെ

പരിശോധനാ വിഭാഗം : ഫിൻ. ഡി

സീനിയർ സൂപ്രണ്ട് : കെ.എസ്. സുദർശനൻ ആചാരി

സീനിയർ ക്ലാർക്ക് : എം.എ. നിധീഷ്

പരിശോധനാ കാലയളവിൽ ബ്ലോക്ക് പട്ടികജാതി വികസന ആഫീസറുടെ ചുമതല വഹിച്ച ജീവനക്കാരുടെ വിവരം

| പേര് | കാലയളവ് | പെൻ നമ്പർ |
|---|---|---|
| ശ്രീ. ജി. ബാഹുലേയൻ | 01.04.2015 മുതൽ 28.07.2016 വരെ | 226166 |
| ശ്രീമതി. എസ്. ആശ | 29.07.2016 മുതൽ 08.08.2016 വരെ | 311659 (അധിക ചുമതല) |
| ശ്രീ. എ.ആർ. സുധീർ | 09.08.2016 മുതൽ 04.10.2016 വരെ | 226658 |
| ശ്രീമതി. എസ്. ആശ | 04.10.2016 മുതൽ 20.10.2016 വരെ | 311659 (അധിക ചുമതല) |
| ശ്രീമതി. സി. ജീന | 21.10.2016 മുതൽ തുടരുന്നു | 528967 |

ഭാഗം I

ആമുഖം

എ). ബ്ലോക്ക്/നഗരസഭ പരിധിയിലുള്ള പട്ടികജാതി വിഭാഗക്കാരുടെ സ്ഥിതി വിവരങ്ങൾ

സുൽത്താൻ ബത്തേരി ബ്ലോക്ക് പട്ടികജാതി വികസന ആഫീസറുടെ ചുമതലയിൽ ബ്ലോക്ക് പരിധിയിൽ (1) നെൻമേനി, (2) നൂൽപുഴ, (3) മീനങ്ങാടി, (4) അമ്പലവയൽ എന്നീ ഗ്രാമ പഞ്ചായത്തുകളും, സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റിയും ഉണ്ട്.

ബ്ലോക്ക് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ ജനസംഖ്യ 6747 ആണ്. ഇതിൽ 3506 പേർ പുരുഷൻമാരും 3241 പേർ സ്ത്രീകളുമാണ്. നഗരസഭാ പരിധിയിലെ ജനസംഖ്യ 1398 ഉം ഇതിൽ 690 പേർ പുരുഷൻമാരും 708 പേർ സ്ത്രീകളും ആകുന്നു. ബ്ലോക്ക് പരിധിയിലും നഗരസഭാ പരിധിയിലും ഉള്ള ആകെ ജനസംഖ്യ 8145 ആകുന്നു.

ബ്ലോക്ക് പരിധിയിൽ സങ്കേതങ്ങളിൽ 358 കുടുംബങ്ങളും ഒറ്റപ്പെട്ടതായി താമസിക്കുന്ന 1147 കുടുംബങ്ങളും ഉണ്ട്. ഈ കുടുംബങ്ങളിൽ അധിവസിക്കുന്നവരുടെ ജനസംഖ്യ യഥാക്രമം 1611 ഉം 5136 ഉം ഉൾപ്പെടെ ആകെ 6747 ഉം ആകെ കുടുംബങ്ങളുടെ എണ്ണം 1505 ഉം ആകുന്നു.

നഗരസഭാ പരിധിയിൽ സങ്കേതങ്ങളിൽ അധിവസിക്കുന്ന കുടുംബങ്ങളുടെ എണ്ണം 171 ഉം ഒറ്റപ്പെട്ടു അധിവസിക്കുന്ന കുടുംബങ്ങളുടെ എണ്ണം 199 ഉം ആകെ കുടുംബങ്ങളുടെ എണ്ണം 370 ആകുന്നു. ഈ കുടുംബങ്ങളിലെ ആകെ ജനസംഖ്യ യഥാക്രമം 669 ഉം 729 ഉം ഉൾപ്പെടെ ആകെ 1398 ആകുന്നു.

ബ്ലോക്ക് പരിധിയിൽ 22 കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരായും നഗരസഭാ പരിധിയിൽ ആറ് കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരായി ഉണ്ട്. ബ്ലോക്ക് പരിധിയിൽ 89 കുടുംബങ്ങളും നഗരസഭാ പരിധിയിൽ 44 കുടുംബങ്ങളും ഉൾപ്പെടെ ആകെ 133 കുടുംബങ്ങൾ ഭവനരഹിതരായി ഉണ്ട്.

കുടുംബങ്ങളുടെ കൈവശത്തിലുള്ള ഭൂമിയുടെ ശരാശരി അളവ് ബ്ലോക്ക് പരിധിയിൽ 39.8 സെന്റും നഗരസഭാ പരിധിയിൽ 40.81 സെന്റ് ആണ് വ്യക്തികളുടെ കൈവശ ഭൂമിയുടെ ശരാശരി അളവ് ബ്ലോക്ക് പരിധിയിൽ 8.8 സെന്റ് ഉം നഗരസഭാ പരിധിയിൽ 10.80 സെന്റും ആണ്.

കുടിവെള്ള ലഭ്യതയിൽ ആറു മാസത്തിൽ കൂടുതൽ ക്ഷാമം നേരിടുന്ന കുടുംബങ്ങളുടെ എണ്ണം ബ്ലോക്ക് പരിധിയിൽ 458 ഉം നഗര സഭാ പരിധിയിൽ 220 ഉം ആണ്. പൂർണ്ണമായും ജലക്ഷാമം നേരിടുന്ന കുടുംബങ്ങളുടെ എണ്ണം ബ്ലോക്ക് പരിധിയിൽ 45 ഉം നഗരസഭാ പരിധിയിൽ 20 ഉൾപ്പെടെ ആകെ 65 ആകുന്നു.

വൈദ്യുതി ലഭ്യമല്ലാത്ത കുടുംബങ്ങളുടെ എണ്ണം ബ്ലോക്ക് പരിധിയിൽ 5 ഉം നഗരസഭാ പരിധിയിൽ 2 ഉം ഉൾപ്പെടെ ആകെ 7 ആകുന്നു. വൈദ്യുതീകരിക്കാത്ത സങ്കേതങ്ങൾ ബ്ലോക്ക് പരിധിയിലും നഗരസഭാ പരിധിയിലും ഇല്ല. തെരവു വിളക്കുകൾ സ്ഥാപിക്കാത്ത സങ്കേതങ്ങൾ ബ്ലോക്ക് പരിധിയിൽ 13 ഉം നഗരസഭാ പരിധിയിൽ ഒന്നും ആകുന്നു.

ശുചിത്വ സൗകര്യത്തിന്റെ കാര്യത്തിൽ ബ്ലോക്ക് പരിധിയിൽ ഉപയോഗപ്രദമല്ലാത്ത കക്കൂസ് ഇല്ലാത്ത 76 കുടുംബങ്ങളും നഗരസഭാ പരിധിയിൽ [illegible] കുടുംബങ്ങളും ഉണ്ട്. പൂർണ്ണമായും കക്കൂസ് സൗകര്യം ഇല്ലാത്ത ആറു കുടുംബങ്ങൾ ബ്ലോക്ക് പരിധിയിൽ ഉണ്ട്. നഗരസഭാ പരിധിയിൽ പൂർണ്ണമായും കക്കൂസ് സൗകര്യമില്ലാത്ത കുടുംബങ്ങൾ ഇല്ല.

പട്ടികജാതി വിഭാഗക്കാരുടെ തൊഴിൽമേഖല പ്രധാനമായും കാർഷിക മേഖലയാണ്. ജന സംഖ്യയുടെ 28% ആളുകൾ സ്വന്തമായി കൃഷിഭൂമി ഉള്ളവരും 23% ആളുകൾ കാർഷിക മേഖലയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ തൊഴിൽ ചെയ്യുന്നവരുമാണ്. സർക്കാർ മേഖലയിൽ തൊഴിൽ ലഭ്യമായവരുടെ എണ്ണം ബ്ലോക്ക് പരിധിയിൽ 10% ഉം നഗരസഭാ പരിധിയിൽ 12% ആണ്.

സ്വകാര്യ/സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ശതമാനം ബ്ലോക്ക് പരിധിയിൽ 18 ഉം നഗര സഭാപരിധിയിൽ 24 ഉം ആകുന്നു. സുൽത്താൻ ബത്തേരി ബ്ലോക്ക് പരിധിയിലും നഗരസഭാ പരിധിയിലും താമസിക്കുന്ന പട്ടികജാതിക്കാരുടെ ജീവിതാവസ്ഥ പൊതുവെ മെച്ചപ്പെട്ടതാണ്.

ബി. ഫീൽഡുതല പരിശോധന

സീനിയർ ഫിനാൻസ് ആഫീസർ ശ്രീ. എം. മുഹമ്മദ് ഹാരീസിന്റെ നേതൃത്വത്തിൽ ഫീൽഡ്തല പരിശോധന നടത്തി. 2016-17 വർഷം ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനു ധനസഹായം അനുവദിച്ച ശ്രീ. സുരേഷ് കാവുപുരകുന്നു, പഴപത്തൂർ എന്ന ഗുണഭോക്താവ് ധനസഹായം തുക വിനിയോഗിച്ച് വാങ്ങിയ വസ്തുവും 2017-18 വർഷം ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ച ധനസഹായം വിനിയോഗിച്ചു നിർമ്മിച്ച വീടും പരിശോധിച്ചു. ഗുണഭോക്താവ് വാങ്ങിയ വസ്തു വഴി, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ളതും അതിൽ നിർമ്മിച്ച ഭവനം വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടുള്ളതാണെന്നും ബോദ്ധ്യപ്പെട്ടു.

നൂൽപുഴ പഞ്ചായത്ത് XIV -ാം വാർഡിലെ നാഗരംകുന്നു പട്ടികജാതി കോളനി സന്ദർശിച്ചു. ഈ കോളനിയിൽ 12 പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നു. 10 കുടുംബങ്ങൾക്കു വാസയോഗ്യമായ വീടുണ്ട്. രണ്ടു കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും മുൻപു ഭവന നിർമ്മാണ ധനസഹായം ലഭിച്ചിരുന്നെങ്കിലും ഭവന നിർമ്മാണം മുടങ്ങിയിരുന്നത് നിലവിൽ പുനഃരാരംഭിച്ചിട്ടുണ്ട്. കോളനി വാസികൾക്ക് 20 സെന്റ് മുതൽ ഒരു ഏക്കർ വരെ വസ്തു ഉണ്ട്. കോളനിയിൽ വൈദ്യുതി, കുടിവെള്ളം, റോഡ് എന്നീ സൗകര്യങ്ങൾ ഉണ്ട്. കോളനിവാസികളുടെ പ്രധാന തൊഴിൽ കൃഷിയും, കാലിവളർത്തലുമാണ്. കോളനിയിലെ ഭൂപ്രദേശങ്ങളും വീടുകളുടെ പരിസരങ്ങളും വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു.

സി. വകുപ്പുതല പരിശോധന

01.11.2011 മുതൽ 31.03.2015 വരെയുള്ള കാലയളവിലെ പരിശോധന 23.05.2016 മുതൽ 28.05.2016 വരെ തീയതികളിൽ നടത്തി 28.09.2016 ലെ ഫിൻ. ബി2-24804/16 കത്ത് പ്രകാരം റിപ്പോർട്ടു ലഭ്യമാക്കിയതിനു മറുപടി നൽകിയതിന്റെ രേഖകൾ ഒന്നും ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ചു വിശദീകരണം നൽകേണ്ടതും മറുപടി സമയബന്ധിതമായി ലഭ്യമാക്കേണ്ടതുമാണ്.

01.04.2007 മുതൽ 31.10.2011 വരെയുള്ള കാലയളവിലെ പരിശോധന 23.04.2013 മുതൽ 26.04.2013 വരെയുള്ള കാലയളവിൽ നടത്തി 13.09.2013 ലെ ഫിൻ. ബി2-15563/13 പ്രകാരം ലഭ്യമാക്കിയതിനു SB/305/13 തീയതി. 22.04.2015, 24.09.2015, 02.05.2016 എന്നീ നമ്പർ കത്തുകൾ പ്രകാരം മറുപടി നൽകിയതിനു 13.06.2017 ലെ ഫിൻ. ബി2-15563/13 കത്ത് പ്രകാരം സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം ഭാഗം III പദ്ധതികളിലെ :. ഭവന നിർമ്മാണ ധനസഹായം,

5. ലംപ്സംഗ്രാന്റ് വിതരണം എന്നീ ഖണ്ഡികകൾ അവശേഷിക്കുന്നതായി അറിയിച്ചിരുന്നതിനു മറുപടി നൽകിയതായി കാണുന്നില്ല. മറുപടി നൽകി ഫയൽ തീർപ്പാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

ഡി. <u>അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന</u>

OA(HQ)IV/II/12-122/16-17-549 തീയതി. 23.11.2016 പ്രകാരം 01.11.2015 മുതൽ 30.09.2016 വരെയുള്ള കാലയളവിലെ പരിശോധന 18.10.2016, 19.10.2016 തീയതികളിൽ നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള മുൻ പരിശോധന കുറിപ്പിലെ ഖണ്ഡികകളായി ചുവടെ ചേർക്കുന്നവ ഉൾപ്പെടുത്തിയിരിക്കുന്നു.

1. OA(HQ)II/IV/12-271/2012-13 Part B I, II, III, IX, V
2. OA(HQ)IV/12-13/2013-14 Part II B-I, II, III IV V
3. OA(HQ)IV/II/12-311/2014-15 Part II,B, I, II, III, V

ഈ പരിശോധന കുറിപ്പിനു മറുപടി നൽകിയതു സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല ആയതു സംബന്ധിച്ചു വിശദീകരണം നൽകേണ്ടതും മറുപടി സമയബന്ധിതമായി നൽകേണ്ടതുമാണ്.

OA(HQ)II/IV/12-271/2012-13 പ്രകാരം നിർദ്ദേശിച്ചിരുന്ന ശ്രീ. എസ്. വിജയകുമാർ, ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ ആയിരിക്കെ 06.03.2008 മുതൽ 31.05.2008 വരെയുള്ള കാലയളവിലെ സസ്പെൻഷൻ കാലത്ത് ഉപജീവനബത്ത ഇനത്തിൽ അധികമായി കൈപ്പറ്റിയ 42,486/- രൂപ തിരിച്ചു പിടിക്കണം എന്ന പരാമർശം 11.09.2017 ലെ ഫിൻ.ബി3-11549/17 ലെ കത്തുമൂലം ~~തീർപ്പാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.~~

<u>ഭാഗം. II</u>

<u>ക്യാഷ്ബുക്ക്/ബിൽബുക്ക്</u>

1. എല്ലാ വരവ്/ചെലവുകളും ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തണമെന്നിരിക്കെ അപ്രകാരം ടി ഓഫീസിലെ ക്യാഷ്ബുക്ക് പരിശോധിക്കുന്നതായി കാണുന്നില്ല.

   (Rule 92 (a) ii of KTC Vol. I)

2. എല്ലാ പ്രവൃത്തി ദിവസവും ക്യാഷ്ബുക്ക് പ്രകാരമുള്ള സാമ്പത്തിക ഇടപാടുകൾ ക്ലോസ് ചെയ്യേണ്ടതും "Memorandum of verification" രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ടി ഓഫീസിലെ ക്യാഷ്ബുക്ക് അപ്രകാരം പരിപാലിക്കുന്നതായി കാണുന്നില്ല. ഉദാഹരണത്തിന് 07.03.2018, 14.03.2018 എന്നീ തീയതികളിലെ സാമ്പത്തിക ഇടപാടുകൾ ഒരു പേജിൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഓരോ ദിവസവും അവശേഷിക്കുന്ന തുക, ഇനം

തിരിച്ച് ക്യാഷ്ബുക്കിലെ 'Foot Note' - ൽ രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ട താണ്.

(See Rule 131 (a) of KTC Vol. I)

3. ഓരോ മാസാവസാനവും അവശേഷിക്കുന്ന തുക പരിശോധിച്ച് സംക്ഷിപ്തം രേഖപ്പെടുത്തി SCDO സാക്ഷ്യപ്പെടുത്തേണ്ടതാണ് എന്നിരിക്കെ അപ്രകാരം ക്യാഷ്ബുക്ക് പരിപാലിക്കുന്ന തായി കാണുന്നില്ല. ഉദാഹരണത്തിന് 30.04.2016 -ന് 918042/- രൂപ അവശേഷിക്കുന്നു. എന്നാൽ ടി തുകയുടെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

(Rule 92 (a) IV of KTC Vol. I)

4. ടി ഓഫീസിലെ ക്യാഷ്ബുക്ക്/ബിൽബുക്ക് പരിശോധിച്ചതിൽ ബിൽബുക്ക് പ്രകാരം ട്രഷറി ഓഫീസർ പാസാക്കിയിട്ടുള്ള 'Net amount' - ന് പകരം 'Gross amount'ക്യാഷ് ബുക്കിൽ വരവ് കാണിക്കുന്നു. ആയത് ശരിയായ നടപടി അല്ല. ഉദാഹരണത്തിന് EPB 10/16-17 തീയതി. 04.08.2016 പ്രകാരം 25806/- രൂപ ട്രഷറി ഓഫീസർ പാസാക്കിയിരിക്കുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 32506/- രൂപ വരവ് കാണിച്ചിരിക്കുന്നു. ഇത്തരം വീഴ്ച ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5. CB-13/15-16 ബിൽ പ്രകാരം 20.08.2015 - ന് 1125000/- രൂപയുടെ ബിൽ സമർപ്പിച്ചിരിക്കു ന്നു. ടി ബിൽ ട്രഷറി ഓഫീസർ പാസാക്കിയിട്ടില്ല. എന്നാൽ 24.08.2015 - ന് ക്യാഷ്ബുക്കിൽ ടി തുക വരവ് ചേർത്തിട്ടുള്ളതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

6. 22.06.2015 തീയതിയിൽ 2000/- രൂപ ക്യാഷ്ബുക്കിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബിൽബുക്ക് പ്രകാരം ടി തുക മാറിയതായി കാണുന്നില്ല. വിശദീകരിക്കേണ്ട താണ്.

7. ക്യാഷ്ബുക്ക് പ്രകാരം താഴെപറയുന്ന തീയതികളിലെ ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ/അക്വിറ്റൻസുകൾ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| തീയതി | ചെലവ് |
|---|---|
| 6.2.2016 | 35000 |
| 8.9.2016 | 111500 |
| 7.3.2018 | 357 |
| 29.3.2018 | 1000 |
| 29.3.2018 | 2400 |

**അക്വിറ്റൻസ് (സ്റ്റാഫ്)**

1. രജിസ്റ്ററിൽ Rule 432 (d) of KTC Vol I പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി SCDO സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.
2. 11.4.2017 മുതൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. ബാങ്ക് മുഖേന തുക വിതരണം നടത്തുന്ന സാഹചര്യത്തിൽ 'SPARK' - ൽ നിന്നും 'Credit Confirmation Data' യുടെ Printout എടുത്ത് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. (GO (P) No. 138/2016/Fin, Dtd. 23.09.2016)

ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**അക്വിറ്റൻസ് (പ്രൊമോട്ടർ)**

1. രജിസ്റ്ററിൽ ബിൽ നമ്പർ, തീയതി തുടങ്ങിയ രേഖപ്പെടുത്തലുകൾ നടത്തുന്നതായി കാണുന്നില്ല. കൂടാതെ SCDO സാക്ഷ്യപ്പെടുത്തുന്നില്ല.
   ഉദാ : രജിസ്റ്റർ പേജ് നമ്പർ 83, 86
2. Rule 432 (d) of KTC Vol I പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി SCDO സാക്ഷ്യപ്പെടുത്തേണ്ടതാണ്.
3. 26.10.2016 - ന് ശേഷം രജിസ്റ്റർ പരിപാലിക്കുന്നില്ല. ബാങ്ക് മുഖേന തുക വിതരണം നടത്തുന്ന സാഹചര്യത്തിൽ . (GO (P) No. 138/2016/Fin, Dtd. 23.09.2016) പ്രകാരമുള്ള നിർദ്ദേശങ്ങൾക്കു വിധേയമായി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

**അക്വിറ്റൻസ് (അപ്രന്റിസ് ക്ലാർക്ക്)**

നിലവിൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ചലാൻ ഫയൽ**

ചലാനുകൾ തീയതി ക്രമത്തിൽ സൂക്ഷിക്കേണ്ടതാണ്.

**ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

31.08.2016 തീയതിയിൽ 24/- രൂപയുടെ സ്റ്റാമ്പ് രജിസ്റ്റർ പ്രകാരം അവശേഷിക്കുന്നു. എന്നാൽ ടി സ്റ്റാമ്പ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

**ഫർണിച്ചർ രജിസ്റ്റർ**

1. വളരെ പഴകിയ രജിസ്റ്ററാണ് ഉപയോഗിച്ചു വരുന്നത്. പുതിയ രജിസ്റ്റർ ഉപയോഗത്തിലെടുക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
2. വാർഷിക ഭൗതിക പരിശോധന നടത്തുന്നതായി കാണുന്നില്ല.

ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

1. രജിസ്റ്റർ പരിപാലിച്ചു വരുന്നു. എന്നാൽ 10/15 - ന് ശേഷം രേഖപ്പെടുത്തലുകൾ നടത്തുന്നതായി കാണുന്നില്ല.
2. വകുപ്പുതല പരിശോധനയുടെ വിവരങ്ങൾ കൂടി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

റ്റി.ആർ-5 രസീത്/സ്റ്റോക്ക് രജിസ്റ്റർ

1. പഴയ രീതിയിലുള്ള റ്റി.ആർ-5 രസീതാണ് നിലവിൽ സൂക്ഷിച്ചു വരുന്നത്. ആയതിൽ ഉപയോഗിക്കാത്ത രസീതുകൾ റദ്ദു ചെയ്ത് പുതിയ രീതിയിലുള്ള 'Centralized numbering system' ഉള്ള റ്റി.ആർ-5 രസീതുകൾ ലഭ്യമാക്കി ഉപയോഗത്തിലെടുക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

   (GO (P) No. 213/2013/Fin. Dtd. 9.5.2013)
2. പരിശോധന കാലയളവിൽ റ്റി.ആർ-5 ഉപയോഗിച്ച് സാമ്പത്തിക ഇടപാടുകൾ നടത്തിയിട്ടില്ല.
3. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയത് പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

അക്വിറ്റൻസ് രജിസ്റ്റർ (മിശ്രവിവാഹ ധനസഹായ പദ്ധതി)

1. രജിസ്റ്ററിൽ തുക വിതരണം ചെയ്ത തീയതി രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ഉദാ: രജിസ്റ്റർ പേജ് നമ്പർ 53,54,55
2. 2017-18 മുതൽ അക്വിറ്റൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

അക്വിറ്റൻസ് രജിസ്റ്റർ (റോയൽറ്റി)

1. ഒരു ബിൽപ്രകാരമുള്ള തുക വ്യത്യസ്ത തീയതിയിൽ വിതരണം ചെയ്യുമ്പോൾ തുക വിതരണ സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ് എന്നിരിക്കെ അപ്രകാരം രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല.
2. CB-48/15-16, തീയതി. 24.02.2016 പ്രകാരം മാറിയ 700000/- രൂപയുടെ വിതരണത്തിൽ ചലാൻ നമ്പർ 128 dt-14-3-16 ~~128/14/3/16~~ പ്രകാരം 12500/- രൂപ തിരിച്ചടച്ചതായി കാണുന്നു. എന്നാൽ തിരിച്ചടയ്ക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. വിശദീകരിക്കേണ്ടതാണ്.

അക്വിറ്റൻസ് രജിസ്റ്റർ (വിവാഹ ധനസഹായം)

1. രജിസ്റ്ററിൽ ഗുണഭോക്താവിന്റെ പൂർണ്ണ വിവരം രേഖപ്പെടുത്തേണ്ടതും ഫോട്ടോ പതിപ്പിക്കേണ്ടതുമാണ്. രജിസ്റ്റർ പേജ് നമ്പർ 115 - ൽ ശ്രീമതി. കെ.എം. മാധവി, കുനിപ്പള്ളി ഹൗസ്, നരിക്കുണ്ട് എന്ന ഗുണഭോക്താവിന് തുക വിതരണം ചെയ്തിട്ടുണ്ട് എന്നാൽ ഫോട്ടോ പതിപ്പിച്ചിട്ടില്ല.

2. തുക വിതരണം സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ്.

ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**അക്വിറ്റൻസ് രജിസ്റ്റർ (പഠനമുറി)**

1. രജിസ്റ്റർ പരിപാലിക്കുന്നു.
2. പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി SCDO സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**അക്വിറ്റൻസ് രജിസ്റ്റർ (ലംപ്സംഗ്രാന്റ്)**

1. രജിസ്റ്റർ പേജ് നമ്പർ 55, സംക്ഷിപ്ത പ്രകാരം 22.06.2015 - ന് 338500/- രൂപ വിതരണം രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 338000/- രൂപ മാത്രം ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. അതായത് 500/- രൂപയുടെ വ്യത്യാസം വന്നിരിക്കുന്നു. വിശദീകരിക്കേണ്ടതാണ്.
2. 2016-17 മുതൽ രജിസ്റ്റർ പരിപാലിക്കുന്നില്ല.

**അക്വിറ്റൻസ് രജിസ്റ്റർ (വിദേശ തൊഴിൽ)**

രജിസ്റ്റർ പരിപാലിക്കുന്നില്ല. രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**അക്വിറ്റൻസ് രജിസ്റ്റർ (ദുർബല വിഭാഗങ്ങളുടെ പുനരധിവാസം)**

1. രജിസ്റ്ററിൽ ബിൽ നമ്പർ, തേർച്ച ചെയ്ത തീയതി, ആകെ തുക തുടങ്ങിയ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.
2. ഒരു ബിൽ പ്രകാരമുള്ള തുക വ്യത്യസ്ത തീയതിയിൽ വിതരണം ചെയ്യുമ്പോൾ വിതരണ സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ് എന്നിരിക്കെ അപ്രകാരം രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല. ഉദാഹരണത്തിന് CB-28/16-17 തീയതി. 29.12.16 പ്രകാരം മാറിയ 1875000/- രൂപയുടെ വിതരണം ക്യാഷ്ബുക്കിൽ വ്യക്തമല്ല.

ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**അക്വിറ്റൻസ് രജിസ്റ്റർ (ലംപ്സംഗ്രാന്റ്)**

1. രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുകയോ പേജ് നമ്പരിടുകയോ ചെയ്തിട്ടില്ല.
2. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ SCDO സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**STSB അക്കൗണ്ട്/കൗണ്ടർഫോയിൽ**

1. കൗണ്ടർഫോയിലിൽ ചെക്ക് കൈപ്പറ്റുന്ന ഗുണഭോക്താവ് ഒപ്പ് രേഖപ്പെടുത്തുന്നതായി കാണുന്നില്ല.

2. 17.3.2016 തീയതിയിൽ ചെക്ക് നമ്പർ 1598023 മുതൽ 1598027 പ്രകാരം വിതരണം ചെയ്ത 170000/- രൂപയുടെ വിതരണം ക്യാഷ്ബുക്കിൽ വ്യക്തമല്ല. വിശദീകരിക്കേണ്ടതാണ്.

<u>അക്വിറ്റൻസ് രജിസ്റ്റർ (ചികിത്സാ ധനസഹായം)</u>

1. പനമരം, സുൽത്താൻ ബത്തേരി എന്നീ രണ്ടു ബ്ലോക്കുകൾക്കുമായി രണ്ട് രജിസ്റ്ററുകൾ പരിശോധന കാലയളവിൽ പരിപാലിച്ചു വരുന്നു. ഒരു ബിൽ പ്രകാരമുള്ള തുക രണ്ടു ബ്ലോക്കുകളിലെയും ഗുണഭോക്താക്കൾക്ക് വ്യത്യസ്ത തീയതിയിൽ വിതരണം ചെയ്തു വരുന്നുവെങ്കിലും തുക വിതരണ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
2. 2015-16 സാമ്പത്തിക വർഷം ടി പദ്ധതി നടത്തിപ്പിനായി പനമരം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലേയ്ക്ക് അനുവദിച്ച തുക വിതരണം ചെയ്ത തുക തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

<u>അക്വിറ്റൻസ് രജിസ്റ്റർ (അയ്യങ്കാളി ടാലന്റ് സെർച്ച്)</u>

1. രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.
2. അക്വിറ്റൻസ് രജിസ്റ്ററിൽ വെട്ടിത്തിരുത്തലുകൾ പരമാവധി ഒഴിവാക്കേണ്ടതാണ്. തിരുത്തലുകൾ ആവശ്യമായാൽ തിരുത്തിയതിനുശേഷം SCDO തീയതിയോടു കൂടി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>അക്വിറ്റൻസ് രജിസ്റ്റർ (ഭൂരഹിത പുനരധിവാസ പദ്ധതി)</u>

1. രജിസ്റ്ററിൽ ബിൽനമ്പർ, തീയതി തുടങ്ങിയ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.
2. തുക വിതരണ സംക്ഷിപ്തം രേഖപ്പെടുത്തി SCDO സാക്ഷ്യപ്പെടുത്തേണ്ടതാണ്.

<u>അക്വിറ്റൻസ് രജിസ്റ്റർ (സ്വയം തൊഴിൽ)</u>

1. രജിസ്റ്ററിൽ ബിൽ നമ്പർ, തേർച്ച ചെയ്ത തീയതി, ആകെ തുക, ഗുണഭോക്താക്കളുടെ എണ്ണം, സബ്സിഡിയായി അനുവദിച്ച തുക തുടങ്ങിയ രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ: 2016-17, 17-18 വർഷത്തെ തുക വിതരണം
2. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ SCDO സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

<u>അക്വിറ്റൻസ് രജിസ്റ്റർ (സ്പെഷ്യൽ ഇൻസെന്റീവ്)</u>

1. രജിസ്റ്റർ പരിപാലിക്കുന്നില്ല. രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>അക്വിറ്റൻസ് രജിസ്റ്റർ (പ്രൈമറി എഡ്യൂക്കേഷൻ)</u>

1. നിലവിൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>ഡി.ഡി. രജിസ്റ്റർ</u>

1. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ SCDO സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

2. ബിൽ നമ്പർ, തീയതി, ആകെ തുക തുടങ്ങിയ രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

**പദ്ധതികൾ**

**എ. ഭൂരഹിത പുനരധിവാസ പദ്ധതി**

പരിശോധനാ കാലയളവിൽ ഭവന നിർമ്മാണത്തിനു ഭൂമി വാങ്ങുന്ന പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | ബ്ലോക്ക് | | നഗരസഭ | | ആകെ | |
|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 1 | 2015-16 | 17 | 6375000 | ഇല്ല | ഇല്ല | 17 | 6375000 |
| 2 | 2016-17 | 21 | 7865000 | 5 | 2175000 | 26 | 10040000 |
| 3 | 2017-18 | 17 | 6375000 | 8 | 3600000 | 25 | 9975000 |

2016-17, 2017-18 വർഷങ്ങളിലെ കരാർ ഉടമ്പിടി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടി വർഷങ്ങളിലെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനററിനു സമർപ്പിച്ചതായും കാണുന്നില്ല. മേൽ ന്യൂനതകൾ പരിഹരിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്. വസ്തു ഉടമകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകിയതു സംബന്ധിച്ച ക്രെഡിറ്റ് കൺഫർമേഷൻ ഡേറ്റാ സാക്ഷ്യപ്പെടുത്തി രജിസ്റ്ററിൽ പതിച്ചു സൂക്ഷിക്കേണ്ടതാണ്.

**ബി. ഭവന നിർമ്മാണ ധനസഹായം**

2007-08 മുതൽ 2017-18 വരെയുള്ള കാലയളവിൽ അനുവദിച്ചതിൽ പൂർത്തീകരിച്ചതും, പൂർത്തീകരിക്കുവാനുള്ളതുമായ ഭവനങ്ങളുടെ വിവരവും പൂർത്തീകരിക്കുവാനുള്ളവയുടെ നിലവിലെ ഘട്ടവും ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ചത് | നിലവിൽ പൂർത്തീകരിച്ചത് | പൂർത്തീകരിക്കുവാനുള്ളത് | പൂർത്തീകരിക്കുവാനുള്ളവയുടെ ഘട്ടം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 54 | 51 | 3 | 1 | 1 | 1 |
| 2008-09 | 51 | 51 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2009-10 | 85 | 83 | 2 | 0 | 0 | 2 |
| 2010-11 | 32 | 29 | 3 | 0 | 1 | 2 |
| 2011-12 | 24 | 23 | 1 | 0 | 0 | 1 |

| | | | | | | |
|---|---|---|---|---|---|---|
| 2012-13 | 18 | 18 | 0 | 0 | 0 | 0 |
| 2013-14 | 10 | 8 | 2 | 0 | 1 | 1 |
| 2014-15 | 21 | 18 | 3 | 2 | 0 | 1 |
| 2015-16 | 14 | 11 | 3 | 0 | 2 | 1 |
| 2016-17 | 28 | 23 | 5 | 0 | 0 | 5 |
| 2017-18 | 33 | 23 | 10 | 1 | 2 | 7 |
| ആകെ | 370 | 338 | 32 | 4 | 7 | 21 |

ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സി. ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി

I. 2016-17 വർഷം വയനാട് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 01.11.2016 ലെ ബി/2280/16 നമ്പർ ഉത്തരവ് പ്രകാരം ഒരു ഗുണഭോക്താവിനു ഭവന നിർമ്മാണത്തിനു ഭൂമി വാങ്ങുന്നതിനു 375000/- രൂപ അനുവദിച്ചു നൽകി.

II. 2016-17 വർഷം വയനാട് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 16.05.2017 ലെ ബി-2002/17 നമ്പർ ഉത്തരവ് പ്രകാരം ഒരു ഗുണഭോക്താവിനു ഭവന നിർമ്മാണത്തിനു 377500/- രൂപ ധനസഹായം അനുവദിച്ചു. ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

III. 2016-17 വർഷം ഒരു ഗുണഭോക്താവിനു ഭവന പുനരുദ്ധാരണത്തിനു 50000/- രൂപയും 2017-18 വർഷം ഒരു ഗുണഭോക്താവിനു ഭവന പുനരുദ്ധാരണത്തിനു 50000/- രൂപയും ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 18.07.2017 ലെ ബി-2002/17 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചു പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

V 2015-16 വർഷം രണ്ട് ഗുണഭോക്താക്കൾക്ക് 4000/- രൂപ ക്രമത്തിൽ വീടിന്റെ വയറിംഗ് നടത്തുന്നതിനായി 8,000/- രൂപ ധനസഹായം അനുവദിച്ചു.

മേൽ പദ്ധതികളിൽ ഭവന പുനരുദ്ധാരണം ഒഴികെ ഗുണഭോക്താക്കൾക്കു ധനസഹായം അനുവദിച്ച നടപടി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 30.05.2017 ലെ ബി-2167/16 പ്രകാരം സാധൂകരിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണ പദ്ധതി സാധൂകരണ ഉത്തരവ് ലഭിച്ചതു സംബന്ധിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ദുർബല വിഭാഗക്കാരക്കു പ്രത്യേകമായി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ചു പ്രത്യേക ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രത്യേക ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഡി. <u>മിശ്രവിവാഹ ധനസഹായ പദ്ധതി</u>

മിശ്രവിവാഹം മൂലം സാമൂഹികമായും സാമ്പത്തികമായും ക്ലേശങ്ങൾ അനുഭവിക്കുന്ന ദമ്പതിമാർക്ക് സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടു സാമ്പത്തിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനു ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-16 | 4 | 1,80,000 |
| 2016-17 | 5 | 2,50,000 |
| 2017-18 | 7 | 3,50,000 |

ഗുണഭോക്താക്കളുടെ അപേക്ഷകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ വിശദീകരണത്തിനായി ചുവടെ ചേർക്കുന്നു.

2016-17 വർഷം ധനസഹായം അനുവദിച്ച ശ്രീ. ഷിനോ. എം & മേരിഷിനോ എന്നീ ദമ്പതിമാരുടെ അപേക്ഷയിൽ ധനസഹായ വിനിയോഗ ലക്ഷ്യം കോഴിവളർത്തൽ എന്നു രേഖപ്പെടുത്തിയിരുന്നു. പിന്നീട് വിനിയോഗ ലക്ഷ്യം ദമ്പതിമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന ആഫീസർ ആടുവളർത്തൽ പദ്ധതിക്കു ധനസഹായം അനുവദിക്കണമെന്നു ശുപാർശ ചെയ്തിരുന്നു. ആയതിൽ അനുമതി ലഭിച്ചതായി കാണുന്നില്ല. അനുമതി ഉത്തരവില്ലാതെ ധനസഹായം വിതരണം ചെയ്യുവാനുണ്ടായ പ്രത്യേക സാഹചര്യം വിശദീകരിക്കേണ്ടതാണ്.

2016-17 വർഷം ധനസഹായം അനുവദിച്ച ശ്രീമതി. സുനന്ദ. എം.എൻ & ശ്യാംകുമാർ കൊച്ചാപള്ളിൽ, പുതുപ്പാറ എന്നീ ദമ്പതികളുടെ അപേക്ഷയോടൊപ്പം വച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റു പ്രകാരം ശ്രീ. ശ്യാംകുമാറിനു 40,000/- രൂപയും (സർട്ടിഫിക്കറ്റ് നമ്പർ 16673571 തീയതി. 18.2.2016 പുറക്കൊടി വില്ലേജ് ആഫീസർ) ശ്രീമതി. സുനന്ദയ്ക്ക് 40,000/- രൂപയുടെയും (സർട്ടിഫിക്കറ്റ് നമ്പർ 1667-3581 തീയതി. 18.2.2016) വരുമാനം ഉണ്ടെന്നു കാണുന്നു. ടി ദമ്പതിമാർക്കു ധനസഹായം അനുവദിച്ചതു സംബന്ധിച്ചു വിശദീകരണം നൽകേണ്ടതാണ്.

2017-18 വർഷം ധനസഹായം അനുവദിച്ച ശ്രീ. റനീഷ് & അഞ്ജുമോൾ കല്ലിടയിൽ, താലിമല, വൈത്തിരി, വയനാട് എന്നീ ദമ്പതികളുടെ അപേക്ഷയിൽ മിശ്രവിവാഹം മൂലം ദമ്പതിമാർക്ക് അനുഭവിക്കേണ്ടി വന്ന ക്ലേശ ഘടകങ്ങൾ ഒന്നും തന്നെ ദമ്പതികൾ പ്രസ്താവിച്ചിട്ടുള്ള തായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ടി ദമ്പതിമാർക്കു ധനസഹായം അനുവദിക്കുവാനു ണ്ടായ പ്രത്യേക സാഹചര്യം വിശദീകരിക്കേണ്ടതാണ്. പരിശോധന കാലയളവിലെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## വിവാഹ ധനസഹായം

പെൺകുട്ടികളുടെ വിവാഹത്തിനു രക്ഷാകർത്താക്കൾക്കു ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-16 | 22 | 11,00,000 |
| 2016-17 | 32 | 16,00,000 |
| 2017-18 | 54 | 36,25,000 |

ഗുണഭോക്തൃ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകിയതിന്റെ രേഖ സാക്ഷ്യപ്പെടുത്തി രജിസ്റ്ററിൽ പതിക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഇ. ചികിത്സാ ധനസഹായം

രോഗങ്ങൾ ബാധിച്ചവർക്കു മെച്ചപ്പെട്ട ചികിത്സ തേടുന്നതിനു ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ധനസഹായം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2015-16, 2016-17 വർഷങ്ങളിൽ പനമരം ബ്ലോക്കിലെ ഗുണഭോക്താക്കൾക്കു സുൽത്താൻ ബത്തേരി ബ്ലോക്കിൽ നിന്നുമാണ് ചികിത്സാ ധനസഹായം വിതരണം ചെയ്തിരുന്നത്. ആയതിന്റെ രജിസ്റ്ററും, കണക്കുകളും പരിശോധിച്ചു വിവരങ്ങൾ ഉൾപ്പെടുത്തുന്നു.

| ക്രമ നം | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | | അനുവദിച്ച തുക | | ആകെ തുക |
|---|---|---|---|---|---|---|
| | | സുൽത്താൻബത്തേരി | പനമരം | സുൽത്താൻബത്തേരി | പനമരം | |
| 1 | 2015-16 | 20 | 15 | 671000 | 515000 | 1186000 |
| 2 | 2016-17 | 20 | 1 | 260000 | 50000 | 310000 |
| 3 | 2017-18 | 21 | - | 405000 | - | 405000 |

പരിശോധനാ കാലയളവിലെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എഫ്. **ടോയ്‌ലറ്റ് നിർമ്മാണം**

സെപ്ടിക് ടാങ്കോടു കൂടിയ ടോയ്‌ലറ്റു നിർമ്മിക്കുന്നതിനു 25,000/- രൂപ ക്രമത്തിൽ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2015-16 വർഷം 56 പേർക്കു ധനസഹായം അനുവദിച്ചതിൽ 55 ഗുണഭോക്താക്കൾ ടോയ്‌ലറ്റു നിർമ്മാണം പൂർത്തീകരിച്ചു. ഈ ഇനത്തിൽ 13,87,500/- രൂപ ചെലവഴിച്ചു. പൂർത്തീകരിച്ചവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ജി. **ഭവന പുനരുദ്ധാരണം**

അഞ്ചു വർഷത്തിൽ അധികം പഴക്കമുള്ളതും പുനരുദ്ധാരണ പ്രവൃത്തികൾ ആവശ്യമുള്ള ഭവനങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കു 50,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷം 12 ഗുണഭോക്താക്കൾക്കും 2016-17 വർഷം 15 ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചു എല്ലാ ഗുണഭോക്താക്കളും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി യഥാക്രമം 6,00,000/- രൂപയും 7,50,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചതു സംബന്ധിച്ച് കംപ്ലീഷൻ കം വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. കരാർ ഉടമ്പടി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എച്ച്. **സ്വയം തൊഴിൽ പദ്ധതി**

ബാങ്കു വായ്പകൾ ലഭ്യമാക്കി സ്വയംതൊഴിൽ സംരംഭങ്ങൾ നടത്തുന്നവർക്കു ബാങ്ക് വായ്പ തുകയുടെ 1/3 ഭാഗം സബ്സിഡി അനുവദിക്കുന്ന പദ്ധതി പ്രകാരം 2016-17 വർഷം ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 18.3.2017 ലെ ബി-2883/16 ഉത്തരവു പ്രകാരം രണ്ടു ഗുണഭോക്താക്കൾക്കു സബ്സിഡി ഇനത്തിൽ 1,30,000/- രൂപയും, 2017-18 വർഷം രണ്ടു ഗുണഭോക്താക്കൾക്കു സബ്സിഡി ഇനത്തിൽ 87099/- രൂപയും വിതരണം ചെയ്തു. ഗുണഭോക്തൃ രജിസ്റ്റർ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സബ്സിഡി തുക ബാങ്കിൽ നൽകിയത് സംബന്ധിച്ച രേഖ സാക്ഷ്യപ്പെടുത്തി രജിസ്റ്ററിൽ പതിച്ചു സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

എഫ്. **വിദേശത്ത് തൊഴിൽ നേടുന്നതിനു സഹായ പദ്ധതി**

വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ചെലവുകൾക്കു ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 3.10.2016 ലെ എ-2731/16 പ്രകാരം ഒരു ഗുണഭോക്താവിനു 50,000/- രൂപ അനുവദിച്ചു നൽകി.

2017-18 വർഷം ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 13.3.2018 ലെ എ-2376/17 ഉത്തരവ് പ്രകാരം ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപ ധനസഹായം അനുവദിച്ചതിൽ ഒന്നാം ഗഡു വായി 60,000/- രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ടിയാന് രണ്ടാം ഗഡു വിതരണം ചെയ്ത വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2016-17 വർഷത്തെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതും ഗുണഭോക്തൃ രജിസ്റ്റർ പരിപാലിച്ചു റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ജി. **സ്വാശ്രയ സംഘങ്ങൾക്കു ധനസഹായം**

2015-16 വർഷം ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 30.01.2016 ലെ ബി-973/15 പ്രകാരം അമ്പലവയൽ പഞ്ചായത്തിലെ കുമ്പളേരി പ്രിയ കുടുംബശ്രീ അയൽക്കൂട്ടത്തിനു ഡയറി ഫാം യൂണിറ്റിനു പ്രോജക്ടിന്റെ ആകെ ചെലവായ 1324500/- രൂപയും ഗ്രാന്റായി 4,95,000/- രൂപ 17.3.2016 - ലും 498375/- രൂപ 11.4.2016 - ലും ഉൾപ്പെടെ ആകെ 993375/- രൂപ അനുവദിച്ചു നൽകി. കരാർ മുദ്രപത്രം ഒപ്പിട്ടു വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും എഴുതുകയും പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് സംഘത്തിന്റെ നിലവിലുള്ള പ്രവർത്തനം സംബന്ധിച്ചും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എച്ച്. **ഗാന്ധിഗ്രാമം**

2014 വർഷം ഗാന്ധി ഗ്രാമം പദ്ധതി പ്രകാരം സുൽത്താൻബത്തേരി നഗരസഭയിലെ തേലമ്പറ്റ കോളനി തെരഞ്ഞെടുത്തിരുന്നു. 14.07.2015 മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ഭേദഗതി വരുത്തിയ എസ്റ്റിമേറ്റിന്റെ പകർപ്പ് അംഗീകാരത്തിനായി സമർപ്പിച്ചതായി കാണുന്നു. തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ വ്യക്തമല്ല. ഗാന്ധിഗ്രാമം പദ്ധതി യുടെ നിജസ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഐ. **പഠനമുറി നിർമ്മാണം**

ഭവനങ്ങളിൽ മതിയായ സൗകര്യമില്ലാത്ത ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾ പഠന സൗകര്യത്തിനായി പഠനമുറി നിർമ്മിക്കുന്നതിന് 2017-18 വർഷം ആരംഭിച്ച പദ്ധതി പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 17.01.2018 ലെ ഡി-135/18 പ്രകാരം 28 ഗുണഭോക്താക്കൾക്കു

ധനസഹായം അനുവദിച്ചതിൽ 26 ഗുണഭോക്താക്കൾ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടു ഗുണഭോക്താക്കളുടെ മൂന്നാംഘട്ടം നിർമ്മാണ പ്രവൃത്തികൾ പുരോഗതിയിലാണ്. ആയതിലേയ്ക്ക് 55,40,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

ഗുണഭോക്തൃ രജിസ്റ്ററിലെ പേജ് നമ്പർ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കരാർ ഉടമ്പടി എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പട്ടികജാതി വികസന ഓഫീസർ ഒപ്പു വച്ചു നിയമ വിധേയമാക്കിയിട്ടില്ല. വകുപ്പിൽ നിന്നും പദ്ധതിക്കു വേണ്ടി തയ്യാറാക്കിയ അപേക്ഷ ഫോറം ലഭ്യമാക്കിയിരുന്നെങ്കിലും ഏഴു ഗുണഭോക്താക്കളുടെ അപേക്ഷ ജില്ലാ പഞ്ചായത്തിന്റെ ഇതേ പദ്ധതിക്കുള്ള അപേക്ഷ ഫോറത്തിലാണ് വാങ്ങിയിരിക്കുന്നത്. മേൽ ന്യൂനതകൾ പരിഹരിക്കേണ്ടതും വിശദീകരണം നൽകേണ്ടതുമാണ്.

ജെ. **വാത്സല്യനിധി (2017-18)**

2017-18 വർഷം 13 അപേക്ഷകൾ ജില്ലാ പട്ടികജാതി വികസന ഓഫീസർക്കു ശുപാർശ ചെയ്തു സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും തുടർ നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

കെ. **വിജ്ഞാൻവാടി**

ബ്ലോക്ക് പരിധിയിൽ പദ്ധതി നടപ്പാക്കിയിട്ടില്ല.

എൽ. **സ്വയംപര്യാപ്ത ഗ്രാമങ്ങൾ**

സ്വയം പര്യാപ്ത ഗ്രാമ പദ്ധതി പ്രകാരം കോളനികൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല.

**വിദ്യാഭ്യാസ പദ്ധതികൾ**

എ. **ലംപ്സംഗ്രാന്റ് വിതരണം**

I മുതൽ X ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 2015-16 | 48 | 920 | 477500 |
| 2016-17 | 46 | 848 | 548150 |
| 2017-18 | 46 | 923 | 622607 |

രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമായും പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. തുകകൾ തിരിച്ചടച്ച ചലാനുകളുടെ വിവരങ്ങളും പൂർണ്ണമായി ചേർത്തിട്ടില്ല. ന്യൂനത പരിഹരിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി. ഫ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

I മുതൽ IV വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു 2000 നിരക്കിൽ പ്രതിവർഷം ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം തുക വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-16 | 278 | 556000 |
| 2016-17 | 271 | 542000 |
| 2017-18 | 291 | 582000 |

പ്രത്യേകം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സ്കൂളുകളിൽ നിന്നും ലഭിച്ച അക്വിറ്റൻസിലെ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സി. സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്

V മുതൽ VIII വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു പ്രതിവർഷം 2000/- രൂപ നിരക്കിൽ നൽകുന്ന 2017-18 - ൽ ആരംഭിച്ച പദ്ധതി പ്രകാരം 2017-18 വർഷം 373 വിദ്യാർത്ഥികൾക്കു 746000/- രൂപ വിതരണം ചെയ്തു. പദ്ധതി സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സ്കൂളുകളിൽ നിന്നും ലഭിച്ച അക്വിറ്റൻസിലെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തു സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഡി. ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

IV, VII ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്കു X-ാം ക്ലാസു വരെ പ്രതിവർഷം 4500/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | | ആകെ കുട്ടികൾ | അനുവദിച്ച തുക |
|---|---|---|---|---|
| | പുതുക്കിയത് | പുതിയത് | | |
| 2015-16 | 15 | 14 | 29 | 138750 |
| 2016-17 | 11 | 5 | 16 | 72000 |
| 2017-18 | 09 | 10 | 19 | 85500 |

അക്വിറ്റൻസിനു പുറമേ പ്രത്യേകം ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പ്രത്യേകം ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഇ. പ്രത്യേക പ്രോത്സാഹന സമ്മാനം

വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്കു ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി പ്രകാരം 2016-17 വർഷം 53 വിദ്യാർത്ഥികൾക്കു 133500/- രൂപയും 2017-18 വർഷം 64 വിദ്യാർത്ഥികൾക്കു 166000/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്കു തുക നൽകിയതിന്റെ രേഖകൾ രജിസ്റ്ററിൽ പതിച്ചു സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

എഫ്. പാരലൽ കോളേജിൽ പഠിക്കുന്നവർക്കുള്ള ധനസഹായം

പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു റഗുലർ കോളേജുകളിലെ നിരക്കിൽ വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | | അനുവദിച്ച തുക | |
|---|---|---|---|---|
| | പട്ടികജാതി | മറ്റർഹ വിഭാഗം | പട്ടികജാതി | മറ്റർഹ വിഭാഗം |
| 2015-16 | 53 | 46 | 418042 | 327265 |
| 2016-17 | 28 | 59 | 232129 | 436830 |
| 2017-18 | 28 | 168 | 226872 | 1445340 |

വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്കു ധനസഹായ തുക ഓൺലൈനായി നൽകിയതിന്റെ രേഖകൾ രജിസ്റ്ററിൽ പതിച്ചു സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## രജിസ്റ്ററുകൾ

### എ. പേബിൽ രജിസ്റ്റർ

നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ പരിപാലിച്ചു വരുന്നു. ജീവനക്കാരെ സംബന്ധിക്കുന്ന വിവരങ്ങൾ രജിസ്റ്ററിലെ നിർദ്ദിഷ്ട കോളങ്ങളിൽ രേഖപ്പെടുത്തി കാണുന്നില്ല. ജീവനക്കാരുടെ സ്ഥല മാറ്റം, വിരമിക്കൽ, അവസാന വേതന പത്രിക നൽകിയതു സംബന്ധിച്ച വിവരങ്ങൾ എന്നിവയും രേഖപ്പെടുത്തി കാണുന്നില്ല. മേൽ കാര്യങ്ങൾ രേഖപ്പെടുത്തി ന്യൂനത പരിഹരിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

### ബി. കണ്ടിൻജന്റ് ബിൽസ് രജിസ്റ്റർ

നിർദ്ദിഷ്ട രജിസ്റ്റർ തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്. മറ്റു പരാമർശങ്ങൾ ഇല്ല.

### സി. ഇൻക്യുബന്റ്സ് രജിസ്റ്റർ

രജിസ്റ്റർ നിലവിൽ പരിപാലിക്കുന്നില്ല. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### ഡി. ആസ്തി രജിസ്റ്റർ

ബ്ലോക്ക്/നഗരസഭാ പരിധിയിൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചേർത്തു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ച് ~~റിപ്പോർട്ടു തയ്യാറാക്കി സൂക്ഷിച്ചു~~ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### ഇ. പ്രൊമോട്ടേഴ്സ് വർക്ക് ഡയറി

പ്രൊമോട്ടർമാരുടെ വർക്ക് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പട്ടികജാതി വികസന ഓഫീസർ പരിശോധിച്ചു അഭിപ്രായം രേഖപ്പെടുത്തി കാണുന്നില്ല. ഫീൽഡു സന്ദർശനങ്ങളിൽ അവയുടെ ലഘു വിവരണം കൂടി വർക്ക് ഡയറിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ജി.ഒ (പി) 86/2010, തീയതി. 28.07.2010 ലെ നിർദ്ദേശാനുസരണം വർക്കു ഡയറി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## STSB അക്കൗണ്ടുകൾ

### I. 70803140000013

ഗുണഭോക്താക്കൾക്കു പദ്ധതികളുടെ ധനസഹായം വിതരണം ചെയ്യുന്നതിനു 01.01.2015 - ൽ സുൽത്താൻബത്തേരി സബ്ട്രഷറിയിൽ ആരംഭിച്ച ഈ അക്കൗണ്ടിൽ 16.01.2019 - ൽ 350100/- രൂപ നീക്കി ബാക്കി ഉണ്ട്. ടി തുകയുടെ ~~ഈ~~ ഉന വിവരം റിപ്പോർട്ട്

ചെയ്യേണ്ടതാണ്. തുക വിതരണം ചെയ്യുന്നതിനു നടപടി സ്വീകരിക്കേണ്ടതും വിതരണം ചെയ്യുവാൻ കഴിയാത്ത തുക ആയതു ഉറപ്പു വരുത്തി തിരിച്ചടയ്ക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

II. 718031400000208 - സബ് ട്രഷറി സുൽത്താൻ ബത്തേരി

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു ജീവനക്കാരുടെ വിഹിതം ശമ്പളത്തിൽ നിന്നും ഈടാക്കി അടയ്ക്കുന്നതിനു ആരംഭിച്ച ഈ അക്കൗണ്ടിൽ നിലവിൽ നീക്കി ബാക്കി ഇല്ല.

ഭാഗം III

പൊതു അഭിപ്രായം

സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത് കാര്യാലയ സമുച്ചയത്തിൽ പ്രവർത്തിക്കുന്ന സുൽത്താൻ ബത്തേരി ബ്ലോക്ക് പട്ടികജാതി വികസന ആഫീസ്, മതിയായ സ്ഥലസൗകര്യവും അടിസ്ഥാന സൗകര്യവും ലഭ്യമായിട്ടുണ്ട്. സുൽത്താൻബത്തേരി ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. പദ്ധതികളെ സംബന്ധിക്കുന്ന ഫയലുകളും ഗുണഭോക്തൃ രജിസ്റ്ററുകളും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഓഫീസ് പരിസരവും വൃത്തിയാക്കുന്നതിനു നിലവിൽ സംവിധാനമില്ല. അതുകൊണ്ട് സുൽത്താൻബത്തേരി ബ്ലോക്ക് പട്ടികജാതി വികസന ആഫീസിൽ ക്വാഷൽ സ്വീപ്പറുടെ സേവനം ലഭ്യമാക്കുന്നതിന് വയനാട് ജില്ലാ പട്ടികജാതി വികസന ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.

സീനിയർ ഫിനാൻസ് ഓഫീസർ

പി.എൽ. 26.2.19